# 24th ASEAN-India Senior Officials' Meeting

June 15, 2022

---

## 24-മത് ആസിയാൻ-ഇന്ത്യ ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗം

**ജൂൺ 15, 2022**

1.സെക്രട്ടറി (ഈസ്റ്റ്), ശ്രീ സൗരഭ് കുമാർ 24-ാമത് ആസിയാൻ-ഇന്ത്യ സീനിയർ ഒഫീഷ്യൽസ് മീറ്റിംഗിൽ സിംഗപ്പൂരിലെ സ്ഥിരം സെക്രട്ടറി ആൽബർട്ട് ചുവയ്ക്കൊപ്പം സഹ-അധ്യക്ഷത വഹിച്ചു. 2022 ജൂൺ 15-ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ മറ്റ് ആസിയാൻ അംഗരാജ്യങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

2. ആസിയാൻ-ഇന്ത്യ നയതന്ത്ര പങ്കാളിത്തവും അതിന്റെ ഭാവി ദിശയും എസ് .ഒ. എം അവലോകനം ചെയ്തു. ഇന്ത്യയും ആസിയാനും അവരുടെ സംഭാഷണ ബന്ധത്തിന്റെ 30-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, രാഷ്ട്രീയ-സുരക്ഷ, സാമ്പത്തിക, സാമൂഹിക-സാംസ്കാരിക പങ്കാളിത്തം എന്നിങ്ങനെയുള്ള മൂന്ന് സ്തംഭങ്ങൾക്ക് കീഴിലുള്ള സഹകരണത്തിന്റെ പുരോഗതിയെക്കുറിച്ച് എസ് ഒ എം നേതാക്കൾ വിലയിരുത്തി. ആസിയാൻ-ഇന്ത്യ ആക്ഷൻ പ്ലാൻ (2021-2025) ആഴത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. കോവിഡ്-19 മഹാമാരി, മഹാമാരിയ്ക്ക് ശേഷമുള്ള വീണ്ടെടുക്കൽ എന്നിവയുൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളെക്കുറിച്ചും ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി.

3. കൺട്രി കോർഡിനേറ്റർ എന്ന നിലയിൽ ആസിയാൻ-ഇന്ത്യ ബന്ധം ശക്തിപ്പെടുത്തുന്നതിൽ സിംഗപ്പൂരിന്റെ ക്രിയാത്മക സംഭാവനകളെയും തുടർ പിന്തുണയെയും സെക്രട്ടറി (ഈസ്റ്റ്) സ്വാഗതം ചെയ്തു.ഇൻഡോ-പസഫിക് എന്ന ഇന്ത്യയുടെ കാഴ്ചപ്പാടിൽ ആസിയാൻ കേന്ദ്രീകൃതമായിരിക്കുമെന്ന് അടിവരയിട്ട്, ആസിയാൻ-ഇന്ത്യ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന്, ആസിയാൻ-ഇന്ത്യ സംയുക്ത പ്രസ്താവന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. ആസിയാനും മേഖലയിലെ ആസിയാൻ നേതൃത്വ ഘടനയ്ക്കും ഇന്ത്യ നൽകുന്ന പിന്തുണയെ ആസിയാൻ പക്ഷം അഭിനന്ദിച്ചു.

4. ആസിയാൻ-ഇന്ത്യ പങ്കാളിത്തത്തിന്റെ 30-ാം വാർഷികം അടയാളപ്പെടുത്തുന്നതിനായി 2022 ആസിയാൻ-ഇന്ത്യ സൗഹൃദ വർഷമായി ആഘോഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ തിയ്യതികളും ഇരുപക്ഷവും നിരീക്ഷിച്ചു. ഇന്ത്യയും ആസിയാനും തമ്മിലുള്ള ശക്തമായ ചരിത്രപരവും സാംസ്കാരികവുമായ ബന്ധം അതിന്റെ നാലാം ദശകത്തിലേക്ക് കടക്കുന്നതും ആസിയാൻ-ഇന്ത്യ പങ്കാളിത്തത്തിന് ശക്തമായ അടിത്തറ നൽകുന്നു.

**ന്യൂ ഡൽഹി,**
**ജൂൺ 15, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.